**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1868** **13-02-2025 - ൽ മറുപടിയ്ക്ക്**

**ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എം. സച്ചിൻദേവ് | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര സ്റ്റേഡിയങ്ങളാണ് ഗ്രാമപഞ്ചായത്തുകളിൽ നവീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ; | (എ) | ഓരോ പഞ്ചായത്തിലും മറ്റ് ഗ്രാമപ്രദേശങ്ങളിലും കുറഞ്ഞത് ഒരു കളിസ്ഥലമെങ്കിലും വികസിപ്പിക്കാൻ ലക്ഷ്യമിട്ടുകൊണ്ട് സർക്കാർ നടപ്പിലാക്കുന്ന "ഒരു പഞ്ചായത്തിൽ ഒരു കളിക്കളം" പദ്ധതി പ്രകാരം പാറശ്ശാല നിയോജക മണ്ഡലത്തിലെ കള്ളിക്കാട് ഗ്രാമപഞ്ചായത്ത് സ്റ്റേഡിയം, ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ ചിറക്കര ജി.എച്ച്.എസ് കളിസ്ഥലം എന്നിവയുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി പ്രകാരം കായികയുവജനകാര്യ ഡയറക്ടർ സംയുക്ത ഭരണാനുമതി നല്കിയവയിൽ 60 പ്രവൃത്തികൾക്ക് നിർവ്വഹണ ഏജൻസിയായ സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന സാങ്കേതികാനുമതി നൽകുകയും 59 പ്രവൃത്തികൾക്ക് ദർഘാസ് ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്.ഇതിൽ 47 പ്രവൃത്തികൾക്ക് കരാറിൽ ഏർപ്പെട്ട് പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. 8 പ്രവൃത്തികൾക്ക് വർക്ക് ഓർഡർ നൽകിയിട്ടുമുണ്ട്. |
| (ബി) | ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി പ്രകാരം കോഴിക്കോട് ജില്ലയിൽ ഏതൊക്കെ കളിക്കളങ്ങളുടെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ? | (ബി) | ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയുടെ ആദ്യഘട്ടത്തിൽ കോഴിക്കോട് ജില്ലയിലെ 12 കളിസ്ഥല നിർമ്മാണ/നവീകരണ പ്രവൃത്തികൾ ഉൾപ്പെടുന്നുണ്ട്. ആയതിൽ കുന്നമംഗലം നിയോജകമണ്ഡലത്തിലെ ഒളവണ്ണ ഗ്രാമ പഞ്ചായത്തിലെ മാവുത്തുപ്പടി ഗ്രൗണ്ട് വികസനം, ബേപ്പൂർ നിയോജക മണ്ഡലത്തിലെ കണ്ണാട്ടിക്കുളം മിനി സ്റ്റേഡിയവികസനം, ബാലുശ്ശേരി മണ്ഡലത്തിലെ കായണ്ണ ഗ്രാമപഞ്ചായത്ത് സ്റ്റേഡിയ വികസനം, ഓമശ്ശേരി ഇ.കെ. ഉണ്ണിമൊയ്തീൻ സ്മാരക മിനി സ്റ്റേഡിയം തുടങ്ങിയ 4 കളിക്കളങ്ങളുടെ വികസന പ്രവൃത്തികൾ നടന്നുവരുന്നുണ്ട്. എന്നാൽ ടി പ്രവൃത്തികൾ ഒന്നും പൂർത്തീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ